# പ്രാഥമികഘട്ടത്തിൽ ഭാഷാപഠനം

എൻ. വി. കൃഷ്ണവാരിയർ.

ഇൻഡ്യയുടെ ഭാഗധേയം ഇൻഡ്യയിലെ ക്ലാസ്സുമുറികളിൽ രൂപപ്പെട്ടുകൊണ്ടിരിക്കയാണെന്ന അടിസ്ഥാനത്തിൽ വേണം ആ ക്ലാസ്സുമുറികളിൽ എന്തെല്ലാം കൈകാര്യം ചെയ്യണമെന്നും, ഓരോന്നിനും എത്ര സമയം വിനിയോഗിക്കണമെന്നും തീരുമാനിക്കാൻ. ഒരു വ്യക്തിയുടെ ഭാഗധേയം മുൻകൂട്ടി തീരുമാനിക്കുകയോ അതിനു കരുതിക്കൂട്ടി രൂപം നല്കുകയോ പ്രയാസമായിരിക്കും. പക്ഷേ ഒരു രാഷ്ട്രത്തിന്റെ ഭാഗധേയം എന്തായിരിക്കണമെന്ന് ഏറെക്കുറെ തീരുമാനിക്കുകയും നിശ്ചിത കാലയളവിനുള്ളിൽ ഈ തീരുമാനം നടപ്പിൽ വരുത്തുവാൻ നടപടികൾ കൈക്കൊള്ളുകയും സാദ്ധ്യമാണ്. ഇതിന്നാണ് ആസൂത്രണം എന്നു പറയുന്നത്. സുഭിക്ഷവും സമാധാനവുമുള്ള ഒരു രാഷ്ട്രമാവണം ഇൻഡ്യയെങ്കിൽ ഇൻഡ്യയെ പൂർണ്ണമായും ആധുനികീകരിക്കേണ്ടിയിരിക്കുന്നു. ഫാക്ടറി അടിസ്ഥാനത്തിലുള്ള വ്യവസായങ്ങളും ശാസ്ത്രീയാടിസ്ഥാനത്തിലുള്ള കൃഷിയുമാണ് ആധുനികീകരണത്തിന്റെ രണ്ട് നെടുംതൂണുകൾ.

> സയൻസിനും കണക്കിനും മുഖ്യപങ്കു നൽകിക്കൊണ്ടു ഭാഷാപഠനം നടത്തേണ്ടതെങ്ങനെയെന്നും വിദ്യാഭ്യാസത്തിൽ മുന്നിട്ടു നില്ക്കുന്ന മറുനാടുകളിൽ ഭാഷാപഠനത്തിനു സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളെന്തെല്ലാമാണെന്നും വിവരിച്ചുകൊണ്ടു കേന്ദ്രവിദ്യാഭ്യാസക്കമ്മീഷൻ വിഭാവനം ചെയ്യുന്ന നൂതനവിദ്യാഭ്യാസരീതിയിലേയ്ക്കു ശ്രീ. എൻ. വി. ഈ ലേഖനത്തിലൂടെ ടോർച്ചടിച്ചു കാണിക്കുന്നു

ഈ പരിവർത്തനത്തിനു കളമൊരുക്കുന്ന വിദ്യാഭ്യാസമേ ഇൻഡ്യയുടെ ഭാഗധേയം നിർണ്ണയിക്കുവാൻ ഉതകുകയുള്ളു.

## നാലു ഘടകങ്ങൾ.

ഇന്ത്യയെ ആധുനികീകരിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ട വിദ്യാഭ്യാസ സംവിധാനത്തിൽ തുല്യ പ്രാധാന്യമുള്ള നാലു ഘടകങ്ങൾ ഉണ്ടാവണമെന്ന് വിദ്യാഭ്യാസ കമ്മീഷൻ അനുശാസിക്കുന്നു ലിറ്ററസി, ന്യൂമറസി, വർക്ക് എക്സ്പീരിയൻസ്, സോഷ്യൽ സർവ്വീസ് എന്നിവയാണ് നാലു ഘടകങ്ങൾ. ഭാഷകൾ, മാനവികവിഷയങ്ങൾ, സാമൂഹ്യ ശാസ്ത്രങ്ങൾ എന്നിവയുടെ പഠനമാണ് ലിറ്ററസി എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്. മാത്തമാറ്റിക്സ്, ഭൗതികശാസ്ത്രങ്ങൾ, ജൈവശാസ്ത്രങ്ങൾ എന്നിവയുടെ പഠനമത്രേ ന്യൂമറസി. വിദ്യാഭ്യാസത്തിലെ വിഷയങ്ങൾ എല്ലാം ഈ രണ്ടിൽ അടങ്ങുന്നു. വിദ്യാഭ്യാസകാലത്തുതന്നെ സ്കൂളുകളിലെ ക്ലാസ്സുമുറികളിലും വർക്ക്ഷോപ്പുകളിലും, സ്കൂളുകൾക്കു പുറമേയുള്ള നിർമ്മാണരംഗങ്ങളിലും ശരീരം വിയർത്ത് അദ്ധ്വാനിച്ചു ഉപയോഗമുള്ള സാധനങ്ങൾ നിർമ്മിച്ച് വിദ്യാർത്ഥി നേടുന്ന വിലയേറിയ പരിശീലനമാണ് വർക്ക് എക്സ്പീരിയൻസ്. വർക്ക് എക്സ്പീരിയൻസിൽ ഊന്നൽ വിദ്യാർത്ഥി നേടുന്ന പരിശീലനത്തിലാണ്. വിദ്യാർത്ഥികൾ കൂട്ടായി ചെയ്യുന്ന പ്രവർത്തനത്തിന്റെ സാമൂഹ്യമൂല്യത്തിലാണ് ഊന്നലെങ്കിൽ അതു സോഷ്യൽ സർവ്വീസ് എന്നു പറയപ്പെടുന്നു. ഇവരണ്ടും പരസ്പരപൂരകങ്ങളാകുന്നു. ഒന്ന് വിദ്യാർത്ഥികൾക്ക് തൊഴിൽപ്പരിചയമുണ്ടാക്കുമ്പോൾ, ആ തൊഴിൽ സമുദായത്തിനുപകരിക്കുന്നതിനാവശ്യമായ മാനസികപരിശീലനം മറേറതു് വിദ്യാർത്ഥികൾക്ക് നല്കുന്നു.

## പ്രഥമ പരിഗണന_സയൻസിനും മാത്തമാറ്റിക്സിനും

ഈ നാലു ഘടകങ്ങൾക്ക് തുല്യ പ്രാധാന്യമാണ്, വിദ്യാഭ്യാസകമ്മീഷൻ വിഭാവനം ചെയ്യുന്നതെങ്കിലും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ നിർവ്വചിക്കുന്ന ആദ്യത്തെ രണ്ടുഘടകങ്ങൾക്കുള്ള മർമ്മപ്രാധാന്യം പ്രത്യേകം എടുത്തു പറയേണ്ടതില്ല. യന്ത്രവൽകൃത വ്യവസായവും ശാസ്ത്രീയമായ കൃഷിയും ഇൻഡ്യയിൽ സാർവ്വത്രികമാവണമെങ്കിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ സയൻസിനും മാത്തമാറ്റിക്സിനും—ന്യൂമറസി എന്നു കമ്മീഷൻ പറയുന്ന ഘടകത്തിനു്—ഇന്നത്തേതിനേക്കാൾ എത്രയോ കൂടുതൽ സ്ഥാനം നൽകേണ്ടതുണ്ട്. ഇൻഡ്യയിലെ സയൻസ് _ മാത്തമാറ്റിക്സ് പഠനത്തെ ആകെ നവീകരിക്കുകയും, പ്രാദേശികഭാഷകളിലൂടെ ഈ പഠനം നിർവ്വഹിക്കുകയും വസ്തുതകൾ ഉരുവിട്ട് കാണാപ്പാഠം ആക്കുക എന്ന സമ്പ്രദായം കളഞ്ഞു് കാതലായ സ്വകല്പനകൾ യുക്തിയുക്തമായി മനസ്സിലാക്കുക എന്ന സമ്പ്രദായത്തിലേയ്ക്കു വിദ്യാർത്ഥികളെ ആനയിക്കുകയുമാണ് ഈ രംഗത്തു ചെയ്യേണ്ടത്. മറ്റു പരിഷ്കൃത രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൈമറി സെക്കണ്ടറി ഘട്ടങ്ങളിൽ സയൻസ്_മാത്തമാറ്റിക്സ് വിഷയങ്ങളിൽ കൈവരുന്ന നിലവാരം നമ്മുടെ വിദ്യാർത്ഥികൾക്കും അതാതു ഘട്ടങ്ങളിൽ കൈവരുമാറ്, ആവശ്യമായ സമയം ഈ വിഷയങ്ങൾക്ക് സ്കൂളുകളിൽ അനുവദിക്കണം. പ്രൈമറി_സെക്കണ്ടറി വിദ്യാഭ്യാസ പുനസ്സംഘടനയിൽ പ്രാഥമിക പരിഗണന നല്കേണ്ട കാര്യം ഇതാകുന്നു. ഈ വസ്തുത ഭാഷാദ്ധ്യാപകരടക്കം എല്ലാവിഭാഗം അദ്ധ്യാപകരും സമ്മതിച്ചു കൊടുത്തേ മതിയാവൂ.

## ദ്വിതീയ പരിഗണന_ഭാഷകൾക്ക്

ഭാഷകൾ, മാനവിക വിഷയങ്ങൾ, സാമൂഹ്യ ശാസ്ത്രങ്ങൾ എന്നിവയുടെ പഠനം അടങ്ങുന്ന "ലിറ്ററസി" രണ്ടാമതായി പരിഗണിക്കേണ്ട കാര്യമത്രേ. എല്ലാ അറിവിന്റേയും ആവിഷ്കാരം ഭാഷയിലൂടെയാകയാൽ ഭാഷയുടെ അദ്ധ്യാപനം പ്രഥമ പരിഗണനയർഹിക്കുന്നുണ്ടെന്ന് വാദിക്കപ്പെടാം. എന്നാൽ, എല്ലാ പഠനവും ഭാഷയുടെ പഠനമാണെന്നും, ഏതു വിഷയവും ശരിക്ക് പഠിപ്പിച്ചാൽ അതു് ആ വിഷയത്തിന്റെ അദ്ധ്യാപനമെന്നപോലെ ഭാഷയുടെ അദ്ധ്യാപനം കൂടിയാവുമെന്നും, അതിനാൽ ഭാഷയെക്കുറിച്ച്, വേർതിരിച്ച്, പഠിപ്പിക്കുന്നതിന് അത്രവലിയ പ്രാധാന്യം നല്കേണ്ടതില്ലെന്നും ഇതിന് എതിർവാദവും ഉണ്ടാവാം. ആ വാദപ്രതിവാദത്തിലേക്ക് ഏതായാലും ഇവിടെ പ്രവേശിക്കുന്നില്ല.

മിക്കരാജ്യങ്ങളിലും വിദ്യാർത്ഥികൾ രണ്ടോ മൂന്നോ ഭാഷകൾ പഠിക്കാൻ നിർബ്ബന്ധിതരാണ്. ഇൻഡ്യയുടെ പ്രത്യേക പരിതഃസ്ഥിതിയിൽ നാം മൂന്നു ഭാഷകൾ പഠിച്ചേ തീരൂ പ്രാദേശിക ഭാഷ, സമ്പർക്കഭാഷയായ ഹിന്ദി, ലൈബ്രറി ഭാഷയായ ഇംഗ്ലീഷ് എന്നിവയാണ് ആ ഭാഷകൾ. ഈ ത്രിഭാഷാ സിദ്ധാന്തം ഇന്ന് പരക്കെ അംഗീകരിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ അതിനെപ്പററി വിസ്തരിച്ചു ചർച്ചചെയ്യേണ്ടതില്ല ഈ ഭാഷകൾ ഓരോന്നും പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം എന്തായിരിക്കണം എന്ന് ആദ്യമായി ആലോചിക്കാം. ഏതേതു ഘട്ടത്തിൽ ഇവ ആരംഭിക്കണമെന്നും, ഓരോന്നിനും എത്ര സമയം വീതം കാണണമെന്നും മറ്റുമുള്ള കാര്യങ്ങൾ ഈ ലക്ഷ്യനിർവ്വചനത്തിൽനിന്ന് ഉത്ഭവിക്കുന്നവയാണ്. ഈ ലക്ഷ്യങ്ങളെപ്പററി ശരിയായ ബോധം ഇനിയും നമുക്കുണ്ടായിട്ടില്ല എന്നാണ് എന്റെ ബോദ്ധ്യം.

## ഭാഷാപഠനലക്ഷ്യങ്ങൾ.

1. പ്രാദേശിക ഭാഷാപഠനത്തിന് മുഖ്യമായ മൂന്നു ലക്ഷ്യങ്ങളാണുള്ളത്. വായിച്ചും കേട്ടും കാര്യങ്ങൾ വകതിരിച്ച് ഉൾക്കൊള്ളാനുള്ള കഴിവ് നേടൽ

2. പ്രാദേശിക ഭാഷയിലും മറ്റു ഭാഷകളിലുമുള്ള ഗ്രന്ഥങ്ങളും പത്രങ്ങളും ആനുകാലികങ്ങളും വായിച്ചും കേട്ടും മനസ്സിലാക്കിയ കാര്യങ്ങൾ പ്രാദേശിക ഭാഷയിൽ എഴുത്തിലൂടെയും സംസാരത്തിലൂടെയും യുക്തിയുക്തമായും സുന്ദരമായും ആവിഷ്കരിക്കാനുള്ള കഴിവ് നേടൽ.

3. പ്രാദേശിക ഭാഷയിലെ ഉത്തമ സാഹിത്യകൃതികൾ വായിച്ച് ആസ്വദിക്കാനും അവ

യിൽനിന്ന് സംസ്കാരം ഉൾക്കൊള്ളാനുള്ള കഴിവ് നേടൽ.

സമ്പർക്കഭാഷയായ ഹിന്ദിയുടെ പഠനത്തിന് താഴെ ചേർക്കുന്ന മൂന്ന് ലക്ഷ്യങ്ങളുണ്ട്. ഇവയിൽ ആദ്യമാദ്യം പറയുന്നവ കൂടുതൽ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ്.

1. മറ്റൊരാൾ ഹിന്ദി സംസാരിക്കുന്നത് കേട്ട മനസ്സിലാക്കുന്നതിനും നിത്യജീവിതത്തിന്നാവശ്യമായ കാര്യങ്ങൾ ലളിതഹിന്ദിയിൽ മററുള്ളവരെ പറഞ്ഞു മനസ്സിലാക്കുന്നതിനുമുള്ള കഴിവുനേടൽ.
2. ഹിന്ദിയിലുള്ള പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വായിച്ചു മനസ്സിലാക്കുന്നതിനും, നിത്യജീവിതത്തിലാവശ്യമായ കാര്യങ്ങളെക്കുറിച്ച ചുരുങ്ങിയ തോതിൽ ഹിന്ദിയിൽ കത്തിടപാട നടത്തുന്നതിനുള്ള കഴിവുനേടൽ.
3. ഹിന്ദിയിലുള്ള സാഹിത്യഗ്രന്ഥങ്ങൾ വായിച്ച് അറിവും സംസ്കാരവും നേടൽ.

ലൈബ്രറി ഭാഷയായ ഇംഗ്ലീഷിൻെറ പഠനത്തിനും മൂന്ന് ലക്ഷ്യങ്ങളുണ്ട് ഇവ ഏറെക്കുറെ ഹിന്ദിയുടെ പഠനത്തിന് പറഞ്ഞവ തന്നെയാണ്. ക്രമത്തിലും ഊന്നലിലും വ്യത്യാസമുണ്ടെന്നു മാത്രം.

1. ഇംഗ്ലീഷിലുള്ള പ്രധാനങ്ങളായ ഗ്രന്ഥങ്ങളും ആനുകാലികങ്ങളും പത്രങ്ങളും വായിച്ച അറിവുനേടൽ
2. ചുരുങ്ങിയ തോതിൽ കത്തിടപാട നടത്തുന്നതിന്നാവശ്യമായ ഇംഗ്ലീഷ് ഭാഷാപരിചയം നേടൽ.
3. ഇംഗ്ലീഷ് സംസാരിക്കുന്നത് കേട്ട മനസ്സിലാക്കാനും ഇംഗ്ലീഷ് സംസാരിക്കാനുമുള്ള പരിചയം നേടൽ.

ഈ ലക്ഷ്യങ്ങളെ മുൻനിർത്തിവേണം സ്കൂൾ കരിക്കുലത്തിൽ ഓരോ ഭാഷയ്ക്കും ഉള്ള സ്ഥാനവും ഭാഷാദ്ധ്യാപനത്തിൻെറ സ്വരൂപവും നിർണ്ണയിക്കുവാൻ.

## പ്രാദേശിക ഭാഷാപഠനം:

അറിവും സംസ്കാരവും നേടാനുള്ള മുഖ്യോപാധി ആർക്കും മാതൃഭാഷയാകുന്നു. സംസ്കാരം ലഭിക്കുന്നത്

## വിചിത്രലോകം

ഇന്തോനേഷ്യയിലെ സെലബീസ്സ് ദ്വീപിൽ പാർക്കുന്ന ഒരു ജാതിയിൽപ്പെട്ട പെൺകിടാങ്ങൾ മുൻവശത്തെ പല്ലുകൾ തല്ലിക്കൊഴിച്ചുകളയുന്നു. മുൻവശത്തെ പല്ലുപോയാൽ കൂടുതൽ സുന്ദരിയാവുമെന്നും എളുപ്പം ഭർത്താക്കന്മാരെ കിട്ടുമെന്നും ഉള്ള വിശ്വാസമാണ് ഇതിൻെറ പ്രേരകശക്തി. അവിടത്തെ സർക്കാർ ഈ കാടൻ രീതി നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും കെട്ടിക്കാറായ പെൺകുട്ടികൾ കാട്ടിൽ പോയി പല്ല തല്ലിക്കൊഴിക്കാറുണ്ടത്രെ. കന്യകയായിരിക്കുന്നതിനേക്കാൾ ഭേദം നിയമം ലംഘിക്കുകയാണെന്നും അവർ കരുതുന്നുണ്ടായിരിക്കാം.

*** *** ***

ലോകത്തിലെല്ലായിടത്തും ജനിച്ചതിനു ശേഷമാണല്ലൊ മനുഷ്യൻെറ ആയുസ്സുകണക്കാക്കിത്തുടങ്ങുന്നതും. വയസ്സെണ്ണി തുടങ്ങുന്നതും ശിശു പിറന്നു ഒരാണ്ടെത്തിക്കഴിഞ്ഞാൽ കുഞ്ഞിന് ഒരു വയസ്സായി എന്നാണ് നമ്മളൊക്കെ പറയുക. എന്നാൽ ഇതിന്നു നേരെ വിപരീതമായിട്ടാണ അറംഗ്സാക്കിയ എന്ന ജാതിക്കാർ കണക്കാക്കുന്നത്. അവരുടെ ആചാരപ്രകാരം പിറന്നു വീണപിഞ്ചുകുഞ്ഞിന്നു അറുപതുവയസ്സാണ്. ഒരു കൊല്ലം കഴിഞ്ഞാൽ ആ കുട്ടിയുടെ വയസ്സ അമ്പത്തിയൊമ്പതാവും. ക്രമേണ കുറഞ്ഞു കുറഞ്ഞു അവൻെറ അല്ലെങ്കിൽ അവളുടെ വയസ്സ പൂജ്യത്തിൽ വന്നു നില്ക്കും. പൂജ്യത്തിലെത്തിയിട്ടും മരിക്കുന്നില്ലെങ്കിൽ ഒരു പത്തുകൊല്ലം കൂടി സമുദായം അനുവദിച്ചു കൊടുക്കും. പിന്നെ പത്തും ഒന്നൊന്നായി കുറഞ്ഞു വരും. അവരുടെ പൂജ്യം എട്ട് നമ്മുടെ കണക്കനുസരിച്ച അറുപത്തിയെട്ടാകുമല്ലൊ. അതായത് അറുപത്തിയെട്ട വയസ്സ്.

*** *** ***





സാഹിത്യത്തിൽ നിന്നാണ്. സാഹിത്യം ആസ്വദിക്കാൻ ഭാഷാസ്വരൂപപരിജ്ഞാനം ആവശ്യമാകുന്നു. വിശദമായി ആശയം പ്രകാശിപ്പിക്കാനുള്ള കഴിവും ഭാഷാസ്വരൂപപഠനത്തിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ മാതൃഭാഷപഠനത്തിൽ ഭാഷാപഠനം, സാഹിത്യപഠനം എന്ന രണ്ട ഘട്ടങ്ങളുണ്ടായിരിക്കണം സ്കൂളുകളിൽ ആദ്യത്തെ ഏഴുവർഷം ഭാഷ പഠിപ്പിക്കുന്നതിലാവണം ഊന്നൽ. 8, 9, 10 ക്ലാസ്സുകളിൽ സാഹിത്യം പഠിപ്പിക്കുന്നതിലും ഭാഷാപഠനത്തിൽ ഇത്തരം വിശദമായ ~~പഠനത്തിന്~~ റഷ്യയിൽ വിദ്യാലയങ്ങളിലുണ്ട്. അമേരിക്ക മുതലായ രാജ്യങ്ങളിലും ഉയർന്ന ക്ലാസ്സുകളിൽ സാഹിത്യാംശത്തിൽ ഊന്നൽ കൊടുക്കുന്ന പാഠപുസ്തകങ്ങളാണ് നിർദ്ദേശിക്കുന്നത്.

പ്രാഥമികഘട്ടമായ ആദ്യത്തെ ഏഴുവർഷംകൊണ്ട് ഭാഷയും, വ്യാകരണവും സാമാന്യ രചനാതത്വങ്ങളും വിദ്യാർത്ഥികൾ ഹൃദിസ്ഥമാക്കുമാറ് ഭാഷാദ്ധ്യാപനപദ്ധതി സംവിധാനം ചെയ്യണം. 8, 9, 10 ക്ലാസ്സുകളിൽ സാഹിത്യത്തിന് ഊന്നൽ കൊടുക്കുന്നതോടൊപ്പം സാഹിത്യം, എന്തെന്നതിനെപ്പററി വിശദമായ ബോധം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉണ്ടാവുകയും വേണം. അതാതുകാലത്തെ സമുദായത്തിൻെറ ഏററവും ഉൽകൃഷ്ടങ്ങളായ ആശയങ്ങളും സങ്കല്പങ്ങളുമത്രെ സാഹിത്യത്തിൻെറ ഉള്ളടക്കം. ഇവ ഹൃദയസ്പർശമാം വിധം വ്യക്തമാവുന്നതു അതാതു കാലത്തെ ജനതയുടെ മുഖ്യ ധർമ്മസങ്കടങ്ങളുടെ ആവിഷ്കാരത്തിലൂടെയാകുന്നു. സാഹിത്യം കൂടുതൽ സമുന്നതമാകുന്നത്, അതിൽ നിഴലിക്കുന്ന സാമൂഹ്യമായ ധർമ്മസങ്കടങ്ങളുടെ ആഴവും വ്യാപ്തിയും ഏറുന്ന തോതിലാണ്.

സമുദായത്തിൻെറ സംസ്കാര പ്രതിഫലനം എന്ന നിലയിലാണ് സാഹിത്യത്തിന്നു പ്രാധാന്യമെങ്കിൽ സാഹിത്യത്തെ സംബന്ധിച്ച ചരിത്രപരമായ ഒരു വീക്ഷണം ആദ്യം മുതൽ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. പത്താം ക്ലാസ്സ് ജയിച്ച് ലോകരംഗത്തേക്കിറങ്ങുന്ന ഒരു വിദ്യാർത്ഥി ഇന്നത്തെ ലോകത്തിൽ ജീവിക്കാനും, ഇന്നത്തെ സംസ്കാരത്തിൽ ഉത്തമമായത് ഉൾക്കൊള്ളാനും, അതിനു തൻെറ സംഭാവന നൽകാനും കഴിവുള്ളവനാകണം. ഇന്നത്തെ മികച്ച സാഹിത്യകൃതികൾ കണ്ടാൽ അറിയാനും തിരഞ്ഞെടുത്ത് ആസ്വദിക്കാനും അവനു കഴിവുണ്ടാവണം. ഇതിന്ന്, സാഹിത്യം പഠിപ്പിക്കുന്നത് ഇന്നിൽനിന്ന് ഇന്നലെയിലേയ്ക്കുന്ന ഇന്നത്തെ തലതിരിഞ്ഞ സമ്പ്രദായം മാറണം. പഴമയിൽനിന്നു പുതുമയിലേക്ക്, അനുക്രമമായി, സാഹിത്യം പഠിപ്പിക്കണം. മലയാളത്തെപ്പററി പറയുകയാണെങ്കിൽ, എഴുത്തച്ഛൻ, നമ്പ്യാർ മുതലായവരെപ്പററി എട്ടാംക്ലാസ്സിലും, ആശാൻ, വള്ളത്തോൾ, കേരളവർമ്മ മുതലായവരെപ്പററി ഒമ്പതാംക്ലാസ്സിലും, സമകാലസാഹിത്യകാരന്മാരെപ്പററി പത്താം ക്ലാസ്സിലും പഠിപ്പിക്കണം. സംസ്കൃതസമാസങ്ങൾക്കും അലങ്കാരങ്ങൾക്കും ഊന്നൽ നല്കുന്ന രീതിവിട്ട് സാഹിത്യത്തിൽ കയ്യാളുന്ന സാമൂഹ്യപ്രശ്നങ്ങളിൽ ഊന്നൽ നല്കണം. ഭാഷാപഠനരീതിയിൽ സമൂലമായ ഒരു പരിവർത്തനത്തിനാണ് ഞാൻ ഇവിടെ വാദിക്കുന്നത്. സോവിയററ്–റഷ്യ മുതലായ സ്വതന്ത്ര രാജ്യങ്ങളിലെ സമ്പ്രദായം ഇതാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ ഭാഷാപഠനത്തിലായിരിക്കണം ഊന്നൽ എന്നു പറഞ്ഞുവല്ലോ. ഒന്നാം ക്ലാസ്സിൽ ശിശു അക്ഷരങ്ങൾ മുഴുവൻ ഹൃദിസ്ഥമാക്കുകയും വാക്കുകളും ചെറിയ വാക്യങ്ങളും കൂട്ടി വായിക്കുവാനും എഴുതുവാനും കഴിവുനേടുകയും ചെയ്യുന്നു. തുടർന്ന് രണ്ട്, മൂന്ന്, നാല് എന്നീ ക്ലാസ്സുകൾ കഴിയുമ്പോഴേയ്ക്കു് മാതൃഭാഷയിലെ മിക്ക വാക്യരചനാരീതികളും ശിശു ഉൾക്കൊള്ളുന്നു മാതൃഭാഷയിലെ വാക്യങ്ങളുടെ അഗാധരചനാശില്പം കുട്ടികൾക്ക ജന്മസിദ്ധമാണെന്നത്രെ ആധുനികഭാഷാശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. അതിനാൽ നാലു കൊല്ലംകൊണ്ട് ഏറെക്കുറെ എല്ലാതരം സംരചനകളും വായിച്ചാൽ മനസ്സിലാക്കാനും, ഒട്ടൊക്കെ എഴുതാനും കുട്ടികൾക്ക് സാധ്യമാകേണ്ടതാണ്.

## നിയന്ത്രിത ശബ്ദാവലി

ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ നിയന്ത്രിതശബ്ദാവലി ഉപയോഗിച്ച തയ്യാറാക്കേണ്ടതാണ്. നമ്മുടെ സാധാരണ സാഹിത്യത്തിൽ – പത്രങ്ങളിലും, മാസികകളിലും, ലളിത സാഹിത്യത്തിലും –– ഉപയോഗിക്കപ്പെടുന്ന പദങ്ങളുടെ ഒരു ആവർത്തന വിതരണപഠനം ഇപ്പോൾ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ നടത്തിവരുന്നുണ്ട്. ഈ പഠനം പൂർത്തിയായാൽ, നിത്യസാഹിത്യത്തിൽ

ഏററവുമധികം ഉപയോഗിക്കപ്പെടുന്ന നാലോ അഞ്ചോ ആയിരം വാക്കുകളുടെ മുൻഗണനാക്രമം അനുസരിച്ചുള്ള പട്ടിക തയ്യാറാക്കാൻ കഴിയും. ആദ്യത്തെ നാലുക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതിന് ഈ പട്ടിക ഉപയോഗപ്പെടുത്താവുന്നതാണ്.

## ദേശ്യഭാഷകൾ :

പ്രാഥമിക ക്ലാസ്സുകളിലെ മാതൃഭാഷാ പഠനത്തെപ്പററി പറയുമ്പോൾ ഈയിടെ ഉയർന്നുവരാവുള്ള ഒരു പ്രശ്നമാണ് ദേശ്യഭാഷകളുടേതു്. ഹിന്ദി, തെലുങ്ക്, തമിഴ് മുതലായ ഭാഷകളിൽ സാഹിത്യഭാഷയും സംസാരഭാഷയും തമ്മിൽ പറയത്തക്ക അന്തരമുണ്ട്. അതിനാൽ, കുട്ടികളെ സാഹിത്യഭാഷ പഠിപ്പിച്ചു തുടങ്ങണമോ, അതാതിടത്തെ സംസാരഭാഷ പഠിപ്പിച്ചു തുടങ്ങണമോ എന്നതു് ആ പ്രദേശങ്ങളിൽ ചർച്ചചെയ്തു് തീരുമാനിക്കേണ്ട ഒരു വിഷയം തന്നെയാണ്. എന്നാൽ കേരളത്തിൽ, ഏറെ വടക്കുള്ള അല്പം സ്ഥലത്തൊഴികെ, സാഹിത്യഭാഷയും സംസാരഭാഷയും തമ്മിൽ മൌലികമായ ഭേദമില്ല. വരമൊഴി കേട്ടാൽ മനസ്സിലാകാത്ത ഒരു വാമൊഴി പ്രദേശം കേരളത്തിലില്ലെന്നു ചുരുക്കം. ഗിരിവർഗ്ഗക്കാർക്കിടയിലോ മററോ സ്കൂളുകൾ നടത്തുന്നവർക്ക് ഈ പ്രശ്നം ഇവിടെയും ഉണ്ടാവാം. എങ്കിലും, സാധാരണ സ്കൂളുകളിൽ ഇതു് അത്ര ഗൌരവമുള്ള പ്രശ്നമല്ല. അതിനാൽ സരളസാഹിത്യഭാഷ പഠിപ്പിക്കുകയാണ് പ്രാഥമിക ക്ലാസ്സുകളിൽ ചെയ്യേണ്ടതു്. ഒപ്പം തന്നെ, പ്രാദേശികമായ ഉച്ചാരണഭേദങ്ങളും ശൈലീഭേദങ്ങളും തരംതാഴ്ന്നവയാണെന്ന ബോധം വിദ്യാർത്ഥികളിൽ ഉണ്ടാവാതിരിക്കാൻ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതുമുണ്ട്. ദേശ്യങ്ങളായ ഉച്ചാരണഭേദങ്ങൾക്കും ശൈലീഭേദങ്ങൾക്കും വരമൊഴിയുടേതിനോടൊപ്പം തന്നെ പ്രസക്തിയും പ്രാമാണ്യവുമുണ്ട്. തൻെറ ദേശ്യമായ ഉച്ചാരണത്തിൽ കൂടി ലജ്ജിക്കേണ്ടതായി ഒന്നും തന്നെയില്ല. ആശയാവിഷ്കാരത്തോടൊപ്പം ആത്മാർത്ഥത നിഴലിക്കുക കൂടി ചെയ്യുന്ന എന്ന മെച്ചം ദേശ്യമായ ഉച്ചാരണത്തിനുണ്ട്. ഇതു് കുട്ടിയെ പറഞ്ഞു ധരിപ്പിക്കണം. പക്ഷെ എഴുതുമ്പോഴും, പാഠപുസ്തകത്തിലും ലളിതസാഹിത്യഭാഷ തന്നെ ഉപയോഗിച്ചാൽ മതിയാകും.

## എത്രസമയം:

പ്രാദേശികഭാഷാ പഠനത്തിന് സ്കൂളുകളിൽ എത്ര സമയം നൽകണമെന്നതു ഇന്നൊരു ചൂടുപിടിച്ച പ്രശ്നമാണ്. ഏതാനും അദ്ധ്യാപകരുടെ ഉദ്യോഗത്തിൻെറ പ്രശ്നമായി ഈ പ്രശ്നത്തെ കാണുമ്പോൾ, അതിനു് ചൂടു് ഏറുന്നതിൽ അത്ഭുതമില്ല. ഉദ്യോഗം പ്രധാനംതന്നെ. എങ്കിലും സർവ്വപ്രാധാന്യം അതിന്നാവരുതു്. എല്ലാവിഷയങ്ങളും ശുദ്ധമായ പ്രാദേശിക ഭാഷയിലൂടെ പഠിപ്പിക്കുമെങ്കിൽ, ഭാഷാമാത്ര പഠനത്തിന് സമയം കുറെ കുറയുന്നതുകൊണ്ടു് തരക്കേടില്ല. സോവിയററ് റഷ്യയിൽ 1968–ലെ സ്റ്റാൻഡേർഡ് സ്കൂൾ കരിക്കുലത്തിൽ ആഴ്ചതോറും ഭാഷാപഠനത്തിന് നീക്കിവെച്ച സമയം മാതൃകയായി പരിഗണിക്കാം. അവിടെ ഭാഷ, സാഹിത്യം എന്നിവ വേർതിരിച്ചു പഠിപ്പിക്കുന്നു എന്നു് മുമ്പു് പറഞ്ഞതു് ഓർക്കുക:

| സ്റ്റാൻേറർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| റഷ്യൻ ഭാഷ പിരിയേഡ് ആഴ്ചയിൽ– | 12 | 10 | 10 | 6 | 6 | 3 | 2 | 2.0 | 2 | 0 |
| റഷ്യൻ സാഹിത്യം പിരിയേഡ് ആഴ്ചയിൽ | — | — | — | 2 | 2 | 2 | 2 | 3 | 2 | 3 |
| ആഴ്ചയിൽ ആകെ പിരിയേഡ് | 24 | 24 | 24 | 24 | 30 | 30 | 32 | 34 | 36 | 36 |





റഷ്യയിലെ ഒരു റിപ്പബ്ളിക്കായ–ലാററ്വിയയിൽ അവിടത്തെ ഭാഷയായ ലാററ്വിയൻ 1967–68–ൽ പഠിപ്പിച്ചിരുന്നതു് താഴെ ചേർക്കും പ്രകാരമാണ്.

| സ്ററാൻഡേർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| ഭാഷയും സാഹിത്യവും ആഴ്ചയിൽ | 12 | 10 | 10 | 8 | 7 | 5 | 4 | 4 | 4 | 4 | 5 |
| ആകെ പിരിയേഡ് ആഴ്ചയിൽ | 24 | 25 | 28 | 30 | 32 | 30 | 32 | 34 | 36 | 36 | 36 |

ഏതാണ്ടു് ഇതേരീതിയിലുള്ള സംവിധാനം നമ്മുടെ സ്റ്റേററിലും തൃപ്തികരമായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

## ഹിന്ദിയുടെ പഠനം :

ഹിന്ദിപഠനത്തെ സംബന്ധിച്ചു് രണ്ടു് മാതൃകകളാണ് വിദ്യാഭ്യാസ കമ്മീഷൻ സമർപ്പിച്ചിട്ടുള്ളതു്. ഹിന്ദിയും ഇംഗ്ലീഷും തമ്മിലുള്ള തർക്കം തീരാത്തതുകൊണ്ടാണ് രണ്ടു മാതൃകകൾ ആവശ്യമായി വന്നതു്. കമ്മീഷൻ സമർപ്പിച്ച ഒരു മാതൃകയനുസരിച്ചു് 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ഇംഗ്ലീഷും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ഹിന്ദിയും പഠിപ്പിക്കണം; മററേ മാതൃകയിൽ ഹിന്ദി 5 മുതൽ 10 വരെ ക്ലാസ്സുകളിലും ഇംഗ്ലീഷ് 8, 9, 10 ക്ലാസ്സുകളിലും പഠിപ്പിക്കണം. ഈ രണ്ടു മാതൃകകളും കേരളത്തിൽ സ്വീകാര്യമായില്ല. അതിനാൽ 5 മുതൽ 10 വരെ ഇംഗ്ലീഷും 6 മുതൽ 10 വരെ ഹിന്ദിയും പഠിപ്പിക്കാനാണ് നാം തീരുമാനിച്ചിട്ടുള്ളതു്. ഇതിൽ അപാകതയൊന്നുമില്ല.

ഹിന്ദിയുടെ പഠനത്തിന് ആഴ്ചയിൽ എത്രസമയം ഓരോ ക്ലാസ്സിലും നൽകണം? ഉദ്യോഗത്തിൻെറ പ്രശ്നമായി കാണാതെ, നിശ്ചിതലക്ഷ്യം നേടുവാൻ എത്രസമയം ആവശ്യമാണെന്ന അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ഈ പ്രശ്നത്തിനും പരിഹാരം കാണാവുന്നതേയുള്ള. റഷ്യയിലെ 'ലാററ്വിയൻ' റിപ്പബ്ളിക്കിൽ റഷ്യൻഭാഷ പഠിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം ഇവിടെ നമുക്കു മാതൃകയാക്കാം.

| സ്റ്റാൻേറർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| റഷ്യൻഭാഷ ആഴ്ചയിൽ | 0 | 3 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 |
| ആകെ പിരിയഡ് ആഴ്ചയിൽ | 25 | 28 | 30 | 32 | 30 | 32 | 34 | 36 | 36 | 36 | |

ആഴ്ചയിൽ നാലു് പീരിയേഡ് വീതം ഹിന്ദിക്കു് അനുവദിക്കുകയും അതു് ഫലപ്രദമായി ഉപയോഗിക്കുകയുമാണെങ്കിൽ 5 വർഷംകൊണ്ടു് ഹിന്ദി സംസാരിക്കാനും കേട്ടും വായിച്ചും മനസ്സിലാക്കാനും കുറെയൊക്കെ എഴുതാനും കഴിവു് വിദ്യാർത്ഥികൾക്കു കൈവരുത്താവുന്നതാണ്. ഹിന്ദിയുടെ അദ്ധ്യാപനത്തിൽ റേഡിയോ, പത്രങ്ങൾ എന്നിവയ്ക്കു കൂടുതൽ പ്രാധാന്യം നൽകണം; പാഠപുസ്തകങ്ങൾ തീരെ മാററി എഴുതുകയും വേണം.

## ഇംഗ്ലീഷ്.

റഷ്യൻ സ്കൂളുകളിൽ ഇംഗ്ലീഷിന് ആഴ്ചതോറും ആദ്യമാദ്യം 4–ം പിന്നീടു് 3–ം പീരിയേഡുകൾ വീതമേ നൽകുന്നുള്ളു. ലാററ്വിയൻ സ്കൂളുകളിൽ റഷ്യൻ ഭാഷയ്ക്കു് ആദ്യമാദ്യം 3 – 4 പീരിയേഡുവീതവും, 9. 10 ക്ലാസ്സുകളിൽ 6 പീരിയേഡുവീതവും 11–ാം ക്ലാസ്സിൽ 5 പീരിയേഡും ആണ് നൽകുന്നതു്. നമ്മുടെ ഇന്നത്തെ ആവശ്യം കണക്കാക്കി നാം ഇംഗ്ലീഷു് ഭാഷയ്ക്കു് പീരിയേഡ് നീക്കിവയ്ക്കണം. പാഠക്രമം, ഹിന്ദിയെസംബന്ധിച്ചു പറഞ്ഞപോലെ, തീരെ പുനസംവിധാനം ചെയ്യുകയും വേണം.

## ക്ലാസ്സിക്കൽ ഭാഷകൾ:

സംസ്കൃതം, അറബിക് മുതലായ ക്ലാസ്സിക്കൽ ഭാഷകളുടേയും റഷ്യൻ, ജർമ്മൻ, ഫ്രെഞ്ചു് മുതലായ ആധു

നിക യൂറോപ്യൻ ഭാഷകളുടെയും പഠനവും ഇക്കൂട്ടത്തിൽ പരിഗണിക്കേണ്ടതുണ്ട്. മാതൃഭാഷയുടെ ഒരു ഭാഗമെന്ന നിലയിൽ സംസ്കൃതം പഠിപ്പിക്കുന്നതിനുള്ള ഒരു ഉദ്ഗ്രഥിത പാഠ്യപദ്ധതി സംസ്കൃതക്കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് പരിഗണനാർഹമാണ്. ഏററവും താഴ്ന്ന ക്ലാസ്സുമുതൽ അറബിക് പഠിപ്പിക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം വിദ്യാഭ്യാസ തത്വങ്ങളുടെ ദൃഷ്ടിയിൽ ന്യായീകരിക്കുക പ്രയാസംതന്നെ. എങ്കിലും മതപരവും സാമൂഹ്യവുമായ കാരണങ്ങളാൽ അതുമാററുക പ്രയാസമായിരിക്കും. റഷ്യൻ, ജർമ്മൻ, മുതലായ ആധുനിക പാശ്ചാത്യഭാഷകൾ പ്രീ ഡിഗ്രി തലത്തിൽ പഠിപ്പിച്ചുതുടങ്ങുന്നതാണ് ഉചിതം. പ്രാഥമിക സെക്കണ്ടറി ഘട്ടങ്ങളിൽ അത്തരം ഭാഷയ്ക്കു് കേരളത്തിൽ ഇന്നു് പ്രസക്തിയില്ല. ഇംഗ്ലീഷിനു പകരം ഫ്രഞ്ചു് പഠിപ്പിക്കുന്ന ഏതാനും സ്കൂളുകൾ, മയ്യഴിയിൽ പഴയ ബന്ധങ്ങളുടെ പേരിൽ, ഉണ്ടാവുന്നതിൽ തരക്കേടില്ല. പക്ഷേ വിദ്യാഭ്യാസത്തിൻെറ മുഖ്യധാരയെ ഈ സംവിധാനം സ്പർശിക്കുകയില്ല.

(1971 ജൂലൈമാസത്തിൽ തൃശ്ശൂർ വെച്ച നടത്തപ്പെട്ട സ്റേററയിററ് ലെവൽ സെമിനാറിൽ അവതരിക്കപ്പെട്ടതു്.)



# ചിരിക്കുടുക്ക

വിരുന്നുകാരൻ: "കുട്ടീ! തനിക്കെത്ര വയസ്സായി."

കുട്ടി:– "വീട്ടിലാണെങ്കിൽ ഒമ്പതു്. സ്കൂളിലാണെങ്കിൽ പതിനൊന്നു്. റേഷൻ കാർഡിൽ പന്ത്രണ്ടര. തീവണ്ടിയിൽ കയറുമ്പോൾ ഏഴ് ട്രാൻസ്പോർട്ടുബസ്സിൽക്കയറുമ്പോൾ എട്ട്. "

*          *          *

വായനക്കാരൻ ലൈബ്രേറിയനോട് "പാണ്ഡവന്മാരുടെ സ്വർഗ്ഗാരോഹണ കഥയറിയാൻ ഏതു പുസ്തകമാണെടുക്കേണ്ടതു്?"

ലൈബ്രേറിയൻ:– ഭൂമിയിൽനിന്നു മററു ഗ്രഹങ്ങളിലേയ്ക്കുപോകുന്ന റോക്കററുകളെപ്പററി പ്രതിപാദിക്കുന്ന പുതിയപുസ്തകങ്ങൾ ആ അലമാരിയിൽ അടുക്കി വെച്ചിട്ടുണ്ട്"

*          *          *

വിജ്ഞാനവേദി

മുതലാളി:– നിങ്ങളല്ലെ ഇന്നലെ പല്ലെടുപ്പിക്കനെന്നും പറഞ്ഞു അവധിയെടുത്തു പോയതു്, എന്നിട്ടു ഞാൻ നിങ്ങളെ ഫുട്ബോൾ മാച്ച് നടക്കുന്ന ഗ്രൗണ്ടിൽ കണ്ടല്ലൊ.

ക്ലാർക്ക്:– കണ്ടിരിക്കാനിടയുണ്ട് മുതലാളി. ഒന്തേ ഡോക്ടറും കളികാണാൻ ആ ഗ്രൗണ്ടിൽ പോയിരുന്നു.

*          *          *

"വെളയിൽ തൂക്കിയിട്ട സൈൻബോർഡിൽ ഇവിടെ മൊട്ടുസൂചി മുതൽ വിമാനംവരെ വിലയ്ക്കു കിട്ടുമെന്നു എഴുതിക്കാണുന്നുണ്ടല്ലൊ".

"ഉവ്വ്, ഉവ്വ്". നിങ്ങൾക്കെന്താണ് വേണ്ടതു്? വിമാനമാണോ? അതൊ കാറൊ?"

"അതൊന്നും വേണ്ട. ഒരു മൊട്ടുസൂചി കിട്ടിയാൽ മതി."

*          *          *